# روضة الخطباء

## റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

روضة الخطباء

sufaraulislam.com

## ശിർക്കു വരുന്ന വഴികൾ

05/02/2021

بسم الله الرحمن الرحيم

- ഇസ്ലാമിൽ ഏറ്റവും വലിയ പാപം ശിർക്കാണ്.
- മുസ്ലിംകൾ പോലും ഇത് ഗൗരവത്തോടെ ചിന്തിക്കുന്നില്ല എന്നത് വസ്തുതയാണ്.
- ശിർക്ക് ചെയ്യുന്നത് ഒരു വലിയ തെറ്റായി കാണാതിരിക്കുകയും കൊലപാതകവും വ്യഭിചാരവും പലിശയുമൊക്കെ ഏറ്റവും വലിയ തെറ്റായി കാണുന്നതും ശിർക്കിന്റെ ഗൗരവം എന്താണെന്ന് മനസ്സിലാക്കാത്തതുകൊണ്ടാണ്.
- വിശ്വാസികൾ ഒഴിവാക്കേണ്ട വൻ പാപങ്ങളെക്കുറിച്ച് വിശദീകരിച്ചപ്പോൾ ആദ്യം പഠിപ്പിച്ചത് ശിർക്കാണ്.

عن أبي هريرة: اجْتَنِبُوا السَّبْعَ المُوبِقاتِ قالوا: يا رَسُولَ اللَّهِ، وَما هُنَّ؟ قالَ: الشِّرْكُ باللَّهِ، والسِّحْرُ، وَقَتْلُ النَّفْسِ الَّتي حَرَّمَ اللَّهُ إلّا بالحَقِّ، وَأَكْلُ الرِّبا، وَأَكْلُ مالِ اليَتِيمِ، والتَّوَلِّي يَومَ الزَّحْفِ، وَقَذْفُ المُحْصَناتِ المُؤْمِناتِ الغافِلاتِ (البخاري)

- അബൂദ്ദർദാഅ് (റ) വിന് നബി (സ്വ) നൽകിയ ഉപദേശം

عَنْ أَبِي الدَّرْدَاءِ، قَالَ أَوْصَانِي خَلِيلِي ـ صلى الله عليه وسلم أَنْ لاَ تُشْرِكْ بِاللَّهِ شَيْئًا وَإِنْ قُطِّعْتَ وَحُرِّقْتَ (إبن ماجة)

- **എന്താണ് ശിർക്ക്?**
- അല്ലാഹുവിന് തുല്ല്യനായി ഒരാളെ നിശ്ചയിക്കുന്നതാണ് ശിർക്ക് എന്ന് ഒറ്റ വാക്കിൽ പറയാം.
- അല്ലാഹുവിന് മാത്രം പ്രത്യേകമായിട്ടുള്ള കാര്യങ്ങളിൽ അവന് പങ്കാളിയെ നിശ്ചയിക്കുന്നതാണ് ശിർക്ക്.
- അല്ലാഹുവിന് മാത്രം പ്രത്യേകമായിട്ടുള്ള കാര്യങ്ങൾ മൂന്നാണ്.
- توحيد الربوبية
- توحيد الألوهية
- توحيد الأسماء والصفات
- ഇവയിൽ ഏതെങ്കിൽ ഒന്നിൽ അല്ലാഹുവിന് പങ്കുകാരുണ്ടെന്ന് വിശ്വസിച്ചാൽ തന്നെ ശിർക്കാണ്.
- **ശിർക്കിന്റെ തുടക്കം**
- ആദ്യ മനുഷ്യനായ ആദം നബിക്ക് (അ) ശേഷമുള്ള പത്ത് തലമുറ തൗഹീദിലായി നിലനിന്നിരുന്നു.

- ആദം നബിക്ക്(അ) ശേഷമുള്ള പത്ത് തലമുറകൾ കഴിഞ്ഞാണ് ശിർക്ക് ലോകത്തേക്ക് ആദ്യമായി കടന്നു വരുന്നത്.
- ആ കാലഘട്ടത്തിൽ ജീവിച്ചിരുന്ന മഹാന്മാരായിരുന്ന അഞ്ച് ആളുകളെ കൊണ്ടാണ് പിശാച് ശിർക്കിന് വേണ്ടി പണിയെടുത്തത്.
- അവർ ആളുകൾക്ക് സംശയങ്ങൾ ദൂരീകരിച്ചു കൊടുക്കുന്നവരും എല്ലാവരാലും ആദരണീയരും ബഹുമാന്യരുമായിരുന്നു. അവർ അല്ലാഹുവിനോട് ദുആ ചെയ്താൽ ഉത്തരം നൽകപ്പെടുന്നവരായിരുന്നു.
- ഈ അഞ്ച് ആളുകളുടെ പേരുകൾ ഖുർആൻതന്നെ വ്യക്തമാക്കിയിട്ടുണ്ട്.

وَقَالُوا لَا تَذَرُنَّ آلِهَتَكُمْ وَلَا تَذَرُنَّ وَدًّا وَلَا سُوَاعًا وَلَا يَغُوثَ وَيَعُوقَ وَنَسْرًا (نوح:٢٣)

- ഈ ആയത്തിനെ വിശദീകരിച്ചുകൊണ്ട് ഇബ്നു അബ്ബാസ്(റ) പറഞ്ഞു: ... ഇവരെല്ലാം നൂഹ് നബിയുടെ (അ) സമുദായത്തിൽ ജീവിച്ചിരുന്ന നല്ല മനുഷ്യൻമാരായിരുന്നു. അവർ മരണപ്പെട്ടപ്പോൾ പിശാച് ആ ജനതക്ക് ദുർബോധനം നൽകി. ആ പുണ്യപുരുഷൻമാർ- ഇരിക്കാറുണ്ടായിരുന്ന ഇരിപ്പിടങ്ങളിൽ അവരുടെ പേര് നൽകിക്കൊണ്ട് ചില പ്രതിഷ്ഠകൾ സ്ഥാപിക്കണമെന്ന് പിശാച് മന്ത്രിച്ചു. അവർ അപ്രകാരം ചെയ്തു. അവർ ആദ്യം അവരെ ആരാധിച്ചിരുന്നില്ല.' ആ തലമുറ മരണപ്പെട്ടു പോയി. അത് സംബന്ധിച്ചുള്ള അറിവ് ഇല്ലാതാവുകയും ചെയ്തു. തുടർന്ന് അവർ ആരാധിക്കപ്പെട്ടു.(ബുഖാരി)

- **ശിർക്ക് വരുന്ന വഴികൾ**

- അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: സ്വഫക്ക് മുകളിൽ ഉറുമ്പരിക്കുന്നതിനേക്കാൾ ഗോപ്യമാണ് എന്റെ ഉമ്മത്തിൽ ശിർക്ക് സംഭവിക്കുന്നത്. (സ്വഹീഹുൽ ജാമിഅ്)
- മുസ്ലിം സമൂഹത്തിലേക്ക് ഇന്ന് ശിർക്ക് വിവിധ രൂപത്തിലാണ് കടന്നു വരുന്നത്.

1. **കെട്ടി ഉയർത്തപെട്ട മഖ്ബറകൾ**

- ഖബ്ർ സിയാറത്ത് ഇസ്ലാമിൽ സുന്നത്താണ്.
- രണ്ട് കാര്യത്തിന് വേണ്ടിയാണ് ഖബ്ർ സിയാറത്ത് ചെയ്യേണ്ടത്. നമുക്ക് മരണചിന്തയും പരലോകചിന്തയും വർദ്ധിക്കാനും സത്യവിശ്വാസിയായ ഖബ്റാളിക്ക് വേണ്ടി പ്രാർത്ഥിക്കാനുമാണത്.
- പ്രധാനമായും മൂന്ന് തരം ആളുകളാണ് ഇവിടം സന്ദർശിക്കുന്നത് .

1. **ഖബ്റാളിയോട് പ്രാർത്ഥിക്കാൻ**
2. **തങ്ങളുടെ കാര്യം അല്ലാഹുവിനോട് പറയണമേയെന്ന് ഖബ്റാളിയോട് പറയാൻ**

**3. അല്ലാഹുവിന്റെ അടുപ്പം ലഭിക്കാൻ**

- ശിർക്ക് കടന്നു വരാൻ വളരെ കൂടുതൽ സാധ്യതയുള്ള ഒരു വഴിയാണ് ഖബ്റുകളുമായി ബന്ധപ്പെട്ടുള്ളത്. അതുകൊണ്ടുതന്നെയാണ് നബി (സ്വ) ഈ വഴിതന്നെ അടക്കാൻ കൽപ്പിച്ചത്.

عن جابر بن عبد الله الأنصاري رضي الله عنه: نَهَى رَسُولُ الله صلَّى الله عَلَيْهِ وَسَلَّم أَنْ يُجَصَّصَ الْقَبْرَ، وَأَنْ يَقْعَدَ عَلَيْهِ، وَأَنْ يَبْنِيَ عَلَيْهِ (مسلم)

لَعَنَ اللهُ الْيَهُودَ وَالنَّصَارَى اتَّخَذُوا قُبُورَ أَنْبِيَائِهِمْ مَسَاجِد (مسلم)

## 2. മഹാൻമാരോടുള്ള സഹായതേട്ടം

- നൂറ്റാണ്ടുകൾക്ക് മുമ്പ് മരണപ്പെട്ട ബദ്രീങ്ങളേയും മുഹിയിദ്ദീൻ ശൈഖിനേയും വിളിച്ച് സഹായം തേടുന്നവരെ കാണാം.
- ഇത്തരം സഹായതേട്ടം പ്രാർത്ഥനയാണ്. അല്ലാഹുവിന് മാത്രം സമർപ്പിക്കേണ്ട ഇത്തരം വിളികൾ അല്ലാഹുവല്ലാത്തവർക്ക് നൽകുന്നതുവഴി ശിർക്ക് സംഭവിക്കുന്നു.
- മഹന്മാരായ ആളുകളെ വിളിച്ചു സഹായം തേടുന്നവർ പല ന്യായികരണങ്ങളാണ് പറയുന്നത്.

مَا نَعْبُدُهُمْ إِلَّا لِيُقَرِّبُونَا إِلَى اللَّهِ زُلْفَى (زمر:٣)

وَيَعْبُدُونَ مِنْ دُونِ اللَّهِ مَا لَا يَضُرُّهُمْ وَلَا يَنْفَعُهُمْ وَيَقُولُونَ هَؤُلَاءِ شُفَعَاؤُنَا عِنْدَ اللَّهِ (يونس: ١٨)

## 3. ബലികർമ്മം

- ഏറ്റവും പ്രധാനപ്പെട്ട ഒരു ആരാധനാ കർമ്മമാണ് ബലി കർമ്മം.

فَصَلِّ لِرَبِّكَ وَٱنْحَرْ (سورة الكوثر)

- ബലികർമ്മം അല്ലാഹുവിന് മാത്രം നിർവഹിക്കേണ്ട ആരാധനയാണ്. അല്ലാഹുവല്ലാത്തവർക്ക് വേണ്ടി അത് നിർവഹിച്ചുകൂടാ.
- മരണപ്പെട്ട വലിയ്യിന്റെ പേരിലും മുഹിയിദ്ദീൻ ശൈഖിന്റെ പേരിലും ഇന്ന് ധാരാളം അറവുകൾ നടക്കുന്നുണ്ട്.

## 4. സത്യം ചെയ്യൽ

مَنْ حَلَفَ بِغَيْرِ اللهِ فَقَدْ كَفَرَ أَوْ أَشْرَكَ (أبوداوود)

- **പിതാവിനെ പിടിച്ചു സത്യം ചെയ്യുന്നത് നബി (സ്വ) വിരോധിച്ചു**

عَنِ ابْنِ عُمَرَ، قَالَ: كَانَ عُمَرُ يَحْلِفُ وَأَبِي فَنَهَاهُ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ، فَقَالَ: مَنْ حَلَفَ بِشَيْءٍ مِنْ دُونِ اللهِ فَقَدْ أَشْرَكَ» (مصنف عبد الرزاق)

- **കഅബയെ പിടിച്ച് സത്യം ചെയ്യുന്നത്.**

عن ابْن عُمَرَ سَمِعَ رَجُلًا يَقُولُ لَا وَالْكَعْبَةِ فَقَالَ ابْنُ عُمَرَ لَا يُحْلَفُ بِغَيْرِ اللهِ فَإِنِّي سَمِعْتُ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ يَقُولُ مَنْ حَلَفَ بِغَيْرِ اللهِ فَقَدْ كَفَرَ أَوْ أَشْرَكَ (ترمد)

## 5. നേർച്ച

- അല്ലാഹുവിന് മാത്രം അവകാശപ്പെട്ട ഒരു പ്രധാന ആരാധനാ കർമ്മമാണ് 'നേർച്ച'.
- സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെട്ട പുണ്യവാളൻമാരുടെ ഗുണമായി അല്ലാഹു എടുത്തു പറഞ്ഞിട്ടുള്ളത് അവർ അല്ലാഹുവിനോടുള്ള നേർച്ചകൾ പൂർത്തീകരിക്കുന്നവരാണെന്നാണ്.

يُوفُونَ بِٱلنَّذْرِ وَيَخَافُونَ يَوْمًا كَانَ شَرُّهُۥ مُسْتَطِيرًا

- മതത്തിൽ അനുവദിക്കപ്പെട്ട നിർബന്ധമല്ലാത്ത ഒരു കാര്യം അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ച് ഞാനത് നിർവ്വഹിക്കുന്നതാണെന്ന് തീരുമാനിക്കുന്നതിനാണ് നേർച്ച എന്ന് പറയുന്നത്.
- അങ്ങനെ നേർച്ചയാക്കിയാൽ അക്കാര്യം അവന് നിർബന്ധമായിതീരുന്നു.

مَنْ نَذَرَ أَنْ يُطِيعَ الله فَلْيُطِعْهُ وَمَنْ نَذَرَ أَنْ يَعْصِيَ الله فَلَا يَعْصِهِ (مسلم)

## 6. അനിസ്ലാമിക മന്ത്രങ്ങൾ

ഖുർആൻ കൊണ്ടും നബി(സ്വ) പഠിപ്പിച്ച ദിക്റുകൾ കൊണ്ടും മന്ത്രിക്കുന്നത് ഇസ്ലാമികമാണ്.

إِنَّ الرُّقَى وَالتَّمَائِمَ وَالتِّوَلَةَ شِرْكٌ (أبوداوود)

## 7. നൂലും ഏലസ്സുകളും

مَنْ عَلَّقَ تَمِيمَةً فَقَدْ أَشْرَكَ (صحيح الجامع)

---

- റൌദത്തുൽ ഖുത്തബാഇന്റെ നോട്ടിനെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കുക.
- ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്തു വാട്സാപ്പ് മെസേജ് അയക്കുക.

- മുമ്പ് തയ്യാറാക്കിയ ഖുത്ബകൾ ലഭിക്കാൻ http://www.sufaraulislam.com/ എന്ന സൈറ്റ് സന്ദർശിക്കുക.